# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 37      08.06.2015-ന് മറുപടി നൽകേണ്ടത്

## സർവ്വീസിൽ സ്ഥിരപ്പെടുത്തൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സർക്കാരിന്റെ വിവിധ വകുപ്പുകളിലും വകുപ്പുകളുടെ കീഴിലെ സ്ഥാപനങ്ങളിലും, താത്ക്കാലികമോ, നിത്യക്കൂലിയടിസ്ഥാനത്തിലോ മറ്റു നിലയിലോ, നിയമിച്ചിരുന്ന ആരെയെങ്കിലും സർവ്വീസിൽ സ്ഥിരപ്പെടുത്താനോ, തുടരാനോ അനുവദിച്ചുകൊണ്ട് തീരുമാനം എടുത്തിട്ടുണ്ടായിരുന്നുവോ ; | (എ) യും (ബി) യും (സി) യും | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുഭരണ വകുപ്പിൽ നിന്നും 15.02.2012-ലെ സ.ഉ.(എം.എസ്) നം.29/2012/പൊഭവ ഉത്തരവ് പ്രകാരം 2 പേരെ ഡോബി തസ്തികയിലും 10.12.2013-ലെ സ.ഉ.(കൈ) നം.360/2013/പൊഭവ ഉത്തരവ് പ്രകാരം ഒരാളെ ഡ്രൈവർ ഗ്രേഡ് II തസ്തികയിലും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ആയതിന് ധനകാര്യ വകുപ്പിന്റെ അനുമതിയും ലഭിച്ചിട്ടുണ്ട്. 27.04.2012-ലെ സ.ഉ.(കൈ) നം.88/12/പൊ.ഭ.വ. പ്രകാരം ഒരാളെ സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിനോട് ധനകാര്യവകുപ്പ് യോജിപ്പ് പ്രകടിപ്പിച്ചിട്ടില്ല. കൂടാതെ 19.04.2013-ൽ പൊതുഭരണ വകുപ്പിൽ നിന്നും ദിവസ വേതനാടിസ്ഥാനത്തിൽ താല്ക്കാലികമായി ബൈന്റർ തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ട ഒരാളിന് 18.01.2014-ലും തുടർന്ന് 31.01.2015-ലും ഓരോ വർഷത്തേയ്ക്ക് കൂടി നിയമനം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.<br>മറ്റു വകുപ്പുകളെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചുവരുന്നു. |
| (ബി) | എങ്കിൽ ഏതെല്ലാം വകുപ്പുകളിലെ ഏതെല്ലാം സ്ഥാപനങ്ങളിലെ ഏതെല്ലാം തസ്തികകളിൽ എത്ര പേരെവീതം സ്ഥിരപ്പെടുത്തിയിട്ടുണ്ട് ഇവയിൽ ധനകാര്യ വകുപ്പിന്റെ അനുമതി ഇല്ലാത്തവ ഏതൊക്കെ; | | |
| (സി) | താത്കാലിക നിയമനം ലഭിച്ചവരെ സ്ഥിരപ്പെടുത്തുന്നതിനായി, ഏതെല്ലാം വകുപ്പുകളിൽ നിന്ന് ഏതെല്ലാം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ